**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുകയുണ്ടായോയെന്നും എന്ന് മുതലാണ് വില വർദ്ധിപ്പിച്ചതെന്നും എത്ര രൂപയുടെ വർദ്ധനവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) | 01/11/2022 -മുതൽ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 01/11/2022 -മുതൽ കേരള ഫീഡ്സ് ലിമിറ്റഡ് 50 കിലോ ചാക്കൊന്നിനു 150/- രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. മിൽമ സംഘങ്ങൾ വഴി വിതരണം നടത്തുന്ന ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 160 രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 180 രൂപയും മിൽമ ഗോമതി ബൈപ്രോ കാലിത്തീറ്റയ്ക്ക 235 രൂപയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br><br>കന്നുക്കുട്ടി പരിപാലന പദ്ധതി (SLBP) മുഖേന കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില ചാക്കൊന്നിന് (50 kg) 1500/- രൂപയായി നിജപ്പെടുത്തിക്കൊണ്ടു 28/10/2022-ലെ സ.ഉ(സാധാ)നം:493/2022/എ.എച്ച്.ഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം കർഷകന് ഒരു പശുവിന് എത്ര രൂപയുടെ അധിക ചെലവ് വരും എന്നാണ് സർക്കാർ കണക്കാക്കുന്നത്; | (ബി) | കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം നാലു മാസം പ്രായമായ കുട്ടികൾക്ക് 30kg തീറ്റ, 5 മാസം മുതൽ 6 മാസം വരെ 45 kg, 7 മാസം മുതൽ 18 മാസം വരെ 60 kg, അതിനുശേഷം 75 kg എന്നിങ്ങനെ പകുതി സബ്സിഡിയോടുകൂടിയാണ് അനുവദിക്കുന്നത്. എസ്.എൽ.ബി.പി കന്നുകുട്ടി തീറ്റവില ഇപ്പോൾ 1 കിലോയ്ക്ക് 7.5 രൂപ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയതിനാൽ തീറ്റ ചിലവിൽ നാല് മാസം പ്രായമായ കുട്ടികൾക്ക് പ്രതിമാസം 225 രൂപ, 5 മാസം മുതൽ 6 മാസം പ്രായമായവർക്ക് ഏകദേശം 340 രൂപ വരെയും 7 മാസം മുതൽ 18 മാസം പ്രായമായവയ്ക്ക് 450 രൂപ വരെയും 19 മാസം തൊട്ടുള്ളവയ്ക്ക് ഏകദേശം 565 രൂപയും പ്രതിമാസം അധിക ചിലവ് വരും. |

| | | | |
|---|---|---|---|
| (സി) | നിലവിൽ മിൽമ മുഖേന സംഭരിക്കുന്ന പാലിന് ഒരു കർഷകന് പ്രതി ലിറ്ററിന് ലഭിക്കുന്ന ശരാശരി വിലയും പരമാവധി വിലയും ഏറ്റവും കുറഞ്ഞ വിലയും എത്രവീതം ആണെന്ന് അറിയിക്കുമോ; | (സി) | പുതിയപാൽ വില ചാർട്ട് പ്രകാരം നിലവിൽ മിൽമ മുഖേന സംഭരിക്കുന്ന പാലിന് ഒരു കർഷകന് 3.2 ശതമാനം കൊഴുപ്പം 8.3 ശതമാനം കൊഴുപ്പേതര ഖര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാലിന് പ്രതി ലിറ്ററിന് ലഭിക്കുന്ന ശരാശരി വില 40.04 ആണ്.<br><br>പുതിയ പാൽ വില ചാർട്ട് പ്രകാരം പരമാവധി വില നൽകുന്നത് 8.0 ശതമാനം കൊഴുപ്പം 10.0 ശതമാനം കൊഴുപ്പേതര ഖര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാലിനാണ്. 62.22 രൂപയാണ് കർഷകന് ലഭിക്കുന്നത്.<br><br>ഏറ്റവും കുറഞ്ഞ വില നിൽകുന്നത് 3.0 ശതമാനം കൊഴുപ്പം 8.0 ശതമാനം കൊഴുപ്പേതര ഖര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാലിനാണ്. 38.29 രൂപയാണ് കർഷകന് ലഭിക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് പാൽ വില വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ഡി) | മിൽമ പാലിന്റെ വില്പന വില ലിറ്ററിന് 6.00 രൂപ നിരക്കിൽ 2022 ഡിസംബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വരുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട് ഗുണനിലവാരത്തിനനുസരിച്ച് അധിക വില ലഭിക്കന്ന രീതിയില്ലുള്ള ചാർട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് കർഷകന് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ് . |
| (ഇ) | ഇപ്രകാരം വർദ്ധിക്കുന്ന തുകയിൽ നിന്നും കർഷകന് എത്ര രൂപയാണ് പ്രതി ലിറ്ററിന് ലഭിക്കുക; | (ഇ) | മിൽമ പാലിന്റെ വില്പന വില ലിറ്ററിന് 6.00 രൂപ നിരക്കിൽ 2022 ഡിസംബർ മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വരുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട് ഗുണനിലവാരത്തിനനുസരിച്ച് അധിക വില ലഭിക്കന്ന രീതിയില്ലുള്ള ചാർട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് കർഷകന് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ് . |
| (എഫ്) | കോവിഡ് ലോക്ക് ഡൗണും കടുത്ത വിലക്കയറ്റവും കാരണം ദുരിതത്തിൽ ആയിരിക്കുന്ന കർഷകരെയും പൊതുജനങ്ങളെയും ഈ വില ഉയർത്തൽ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ; | (എഫ്) | സമീകൃത കാലിത്തീറ്റ നിർമാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ ഗണ്യമായ വർദ്ധനവും ക്ഷീരകർഷകരുടെ ഉയർന്ന ഉൽപ്പാദന ചെലവും കണക്കിലെടുത്ത് വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ പ്രകാരം പാൽ വില വർധിപ്പിക്കുന്നതിന് തീരുമാനിക്കുക യായിരുന്നു. പാൽ വില വർദ്ധനവ് സംബന്ധിച്ച പഠനം നടത്തിയ വിദഗ്ദ്ധ സംഘം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നിരുന്നാൽ തന്നെയും ഉപഭോക്തക്കളുടെ ബുദ്ധിമുട്ട് കൂടി കണക്കിലെടുത്തു കൊണ്ട് ലിറ്ററിന് 6 രൂപ മാത്രമാണ് മിൽമ പാൽ വില വർദ്ധിപ്പിച്ചിട്ടുള്ളത് . |
| (ജി) | എങ്കിൽ വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് മിൽമയ്ക്ക് പാൽ നൽകേണ്ടി വരികയും ഉയർന്ന വിലയ്ക്ക് കാലിത്തീറ്റ വാങ്ങേണ്ടി വരികയും ചെയ്യുന്ന കർഷകർക്ക് തീറ്റ വിലയിൽ സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | (ജി) | **സമീകൃത കാലിത്തീറ്റയ്ക്ക് നിലവിൽ സബ്സിഡി അനുവദിക്കുന്നില്ല. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും സബ്സിഡി നിരക്കിൽ നൽകി വരുന്നു . 2022-23 സാമ്പത്തിക വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായം നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഉണഭോക്താവിന് പരമാവധി 7000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.**<br><br>**കാലിത്തീറ്റയ്ക്ക് മേഖലാ യൂണിയനുകൾ അവരവരുടെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ